

NISHANI
MODEL TECHNICAL
HIGHER
SECCONDERY
SCHOOL

# Index

| | | |
|---|---|---|
| എഡിറ്റോറിയൽ | - | 3 |
| ഒരു മഴക്കാലം | - | 4 |
| ഗുരു ശിഷ്യ ബന്ധം | - | 5 |
| പ്രളയം | - | 7 |
| me a poet | - | 8 |
| നഷ്ട പ്രണയം | - | 9 |
| മലയാളം ഒരു ശ്രേഷ്ഠ ഭാഷ | - | 10 |

# എഡിറ്റോറിയൽ




ചിന്തകളുടെയും വികാരങ്ങളുടെയും തെളിച്ചമാർന്ന പ്രകടനമാണ് ഓരോ തൂലികയിലൂടെയും ഉതിർന്നു വീഴുന്നത്.. അത്തരത്തിൽ കുറച്ചു കൊച്ചു കൂട്ടുകാരുടെ കൊച്ചു കലാസൃഷ്ടികൾ പരിമിതമായ സമയവും സൗകര്യവും പ്രയോജനപ്പെടുത്തി ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ ഒരു കൊച്ചു മാഗസിൻ ആയി രൂപപ്പെടുത്തുന്നു .പോരായ്മകൾ അവഗണിച്ചു പ്രോത്സാഹിപ്പിക്കണം ..

ജിഷ്ണ

# ഒരു മഴക്കാലം

ഒരു മഴക്കാലം കൂടി പിണങ്ങിപ്പോയി
കളകളാരവം പിന്നെയും നിന്നു
ആരും അറിയാതെ പുഴകൾ നൂലായ്
ആകെയൊരു അനിശ്ചിതത്വം കൂടി പിറന്നീമണ്ണിൽ
ഇണക്കമായി പിണക്കമായി
ചോർന്നൊലിച്ചി കാലം
വിജനമായി നിൽക്കുന്ന
പുൽ തകിടികൾ
കുന്നിൻചെരിവിനെ കീഴടക്കിയിരിക്കുന്നു
മാനത്ത് കൂട്ടം കൂടിനിൽക്കുന്ന
മേഘകെട്ടുകൾ കാറ്റിലലയുന്നു.
കണ്ടാൽ സുഖകരം
കൊണ്ടാൽ ഭയങ്കരം
എന്നായി ലോകം
എന്താണിങ്ങനെ ?
പ്രകൃതി പിണങ്ങിയോ നമ്മളോട്!
നിത്യം കേൾക്കുന്ന മധുരഗാനം
അതും കിളികളുടെ..
അതും കേൾപ്പാനില്ല
എന്തൊരവസ്ഥ,
എല്ലാം നിശ്ചലമായി, എല്ലാം നിശബ്ദമായി
കടലിരുമ്പുന്ന ശബ്ദമാകട്ടെ നശിച്ചുപോയി
കുയിലൂതുന്ന ശബ്ദമാകട്ടെ മറഞ്ഞുപോയി
മനമാകെ ഇരുട്ട കവിഞ്ഞു
എല്ലാം നശിക്കാറായി ,എല്ലാം ശമിക്കാറായി
എന്താണെന്നറിയില്ല ഏതാണെന്നറിയില്ല
ഞാനും ഏതാണ്ടങ്ങനെയായിത്തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.



# ഗുരു ശിഷ്യ ബന്ധം



നമ്മുടെ ജീവിതത്തിൽ എപ്പോഴും നേടുന്നതും നേടേണ്ടതുമായ ഒന്നാണ് അറിവ്.ആ അറിവ് നമുക്ക് ലഭിക്കുന്നത് അദ്ധ്യാപകരിൽ നിന്നാണ്. അത് കാംക്ഷിക്കുന്ന നമ്മെ ശിഷ്യർ എന്ന് വിളിക്കുന്നു .നമ്മുടെ ജീവിതത്തിൽ അദ്ധ്യാപകരുടെ സ്ഥാനം മഹനീയം ആണ്. കാരണം അവർ മൂലമാണ് നമ്മുടെ ജീവിതത്തിൽ നമ്മുക്ക് സർവ വിജ്ഞാനവും ലഭിക്കുന്നത് .അതിനു നാം അവരോടു കടപ്പെട്ടിരിക്കണം .

പണ്ടുകാലത്തു വിദ്യാഭ്യാസം ചെയ്തു കൊണ്ടിരുന്നത് ഗുരുകുലകാലത്തായിരുന്നു . അതായതു ഗുരുക്കൻമാരുടെ കൂടെ താമസിച്ചാണ് വിദ്യ അഭ്യസിച്ചിരുന്നത് .എന്നാൽ കാലം കടന്നു പോയപ്പോൾ പല മാറ്റങ്ങളും ഇന്ന് വിദ്യാഭ്യാസ രംഗത്ത് സംഭവിച്ചു . ഇന്ന് ധാരാളം സ്കൂളുകളും കോളേജുകളും വന്നു . കാലം തോറും ഇതിൽ പല പരിഷ്കാരങ്ങളും വന്നു കൊണ്ടിരുന്നു . ഇങ്ങനെ പലതും ഉണ്ടായിട്ടും പുതുതലമുറയും ഗുരുക്കൻമാരും തമ്മിലുള്ള ബന്ധം വഷളാവുകയാണ് . സംഭവിക്കാൻ പാടില്ലാത്ത പലകാര്യങ്ങളും ഇന്ന് നടക്കുന്നു . ഇവിടെ നശിക്കുന്നത്

കാലങ്ങളായി നാം കാത്തുവെക്കുന്ന വിദ്യാഭ്യാസ സംസ്കാരവും മാനുഷിക സ്വഭാവവും കൂടിയാണ് .

ഗുരുക്കൻ മാരെയും ,അദ്ധ്യാപകരെയും നാം ദൈവത്തെ പോലെ കാണേണ്ടതാണ് . അവരിൽ നിന്ന് ലഭിക്കുന്ന അറിവിനെ നാം പൂർണമായും ഉൾക്കൊള്ളേണ്ടതാണ് . അവരെ നാം വെറുപ്പിക്കരുത് . അവരോടു അപമര്യാദയായി സംസാരിക്കാൻ പോലും പാടില്ല . അവരുടെ ഒരു ശാപം മാത്രം മതി നമ്മുടെ ജീവിതം താറുമാറാകാൻ . അപ്പോൾ നാം ചിന്തിക്കേണ്ടത് ' മാതാ - പിതാ - ഗുരു -ദൈവം 'എന്ന ആപ്തവാക്യം ആണ് ..



# പ്രളയം

മഴ വന്നു വിളിച്ചപ്പോൾ
ഹാ എന്ത് സന്തോഷം മനസിന്റെ മണിച്ചെപ്പിൽ
വീട്ടുമുറ്റത്തു വെള്ളം കയറി
സന്തോഷത്തിൽ ആർത്തുല്ലസിച്ച സമയം
ആഹ്ലാദത്തിനു വെറും നീർകുമിളകളുടെ
ആയുസ്സേ ഉണ്ടായിരുന്നുള്ളൂ
ഞാൻ ചിന്തിച്ചതെ ഇല്ല
മഴ തൻ രുദ്ര ഭാവം കാണുമെന്നു..
കരി നിഴൽ വീണുതുടങ്ങി
പുഴയിൽ ഇറങ്ങിയ ചങ്ങാടം പെരുവെള്ളം കയറി നിറഞ്ഞു
ചതിയൻ വീശിയ തിരകൾ വന്നു നിറഞ്ഞു
മർത്യന്മാർ ഒത്തു ചേർന്നു
ജലം ഒഴുകിയ വഴികൾ എത്രയോ ഭയനാകാം
കുൽസിതമേതോ കാറ്റ് വീശിയ
കറുത്ത വാവ് കഴിഞ്ഞു
ഇനിയും മത്സരമെന്തിന് വെറുതെ നമ്മൾ



# ME, A POET !


I searched for words to write poem,
words poetic like shakespeares,
I got them lot to choose from
But couldn't fit it anywhere.
I went on to write on about a thing,
A thing like a flower .
I sat beside it to get poetry
All I could gather was some
fragrances .



I thought of writing on some issues
Social problems can stimulate.
It failed as they were greater
than to be written in some poems .
Finally , I thought to get inspired
from poets of merit .
A word from there , a line from here
But their poetry took me, and I wouldn't.
I know now it's not my cap of tea
I know now its not writing poetry
Even if you enjoy it
It can make you feel like a poet .

# നഷ്ട പ്രണയം

ഉള്ളിൽ ഒരു
ചിതയെരിയുന്നുണ്ടെങ്കിലും
ഇനിയൊരുനാളും
മിഴികളിൽ തെളിയാതെ
മൊഴികളിൽ നിറയാതെ
ഈ പ്രണയം നിനക്കായി മാത്രം
കാത്തു വക്കുവാനാണെനിക്കിഷ്ടം
നിന്റെ ഓർമകളിൽ ഒരു നിഴൽ മാത്രമാകുമ്പോഴും
ആ ഓർമകളെ
നെഞ്ചോട്ടു ചേർക്കുവാനാണെനിക്കിഷ്ടം



# മലയാളം ഒരു ശ്രേഷ്ഠ ഭാഷ

എന്തിനെയും തുറന്ന മനസ്സോടെ കാണാനും ആവുന്നത്ര ഉൾക്കൊള്ളാനും ഉള്ള സന്നദ്ധതയാണ് മലയാളികളുടെയും മലയാളത്തിന്റെയും സവിശേഷത. നമ്മുടെ ഭാഷക്ക് ഏതു ശാസ്ത്രകാര്യവുംപ്രതിപാദിക്കാൻ പോന്ന കരുത്തുണ്ടായിട്ടുണ്ട് എന്നതിന് തെളിവാണ് മേൽപ്പറഞ്ഞ സ്വീകാര്യ സന്നദ്ധത .



ദ്രാവിഡ ഗോത്രത്തിൽ പെട്ടതാണ് നമ്മുടെ മാതൃഭാഷയായ മലയാളം. മലയാളം സംസാരിക്കുന്നവരുടെ ജനസംഖ്യാനുപാതിയായ കണക്കു നോക്കുമ്പോൾ ഭാരതീയ ഭാഷകളിൽ എട്ടാം സ്ഥാനമാണ് മലയാളത്തിന്. കേരളം ഭാഷക്ക് മലയാളം എന്ന പേര് സിദ്ധിച്ചിട്ടു അധിക കാലമായിട്ടില്ല. മലയാളം ആദ്യം ഒരു ദേശ നാമത്തെ കുറിക്കുന്ന പദമായിരുന്നു. പിന്നീട് മലയാണ്മ, മലയായ്മ എന്നീ സംജ്ഞകൾ ഭാഷാവാചിയായി നിലവിൽ വന്നു. ഇപ്പോൾ ദേശനാമമായ മലയാളം തന്നെ ഭാഷാനാമമായും ഉപയോഗിച്ച് വരുന്നു. ഇംഗ്ലീഷ്,തമിഴ്,സംസ്കൃതം തുടങ്ങിയ ഭാഷകളുമായുള്ള സംസർഗ്ഗം നിമിത്തം മലയാളത്തിന്റെ രൂപത്തിലും ഭാവത്തിലും ഗണ്യമായ പല മാറ്റങ്ങളും വന്നു ചേർന്നിട്ടുണ്ട്. നാം നിത്യവും ഉപയോഗിക്കുന്ന ഭാഷാപദങ്ങളിൽ പലതും പല ഭാഷകളിൽ നിന്നും സ്വീകരിച്ചവയാണ്.

സംസ്കൃതം, ഹിന്ദി, അറബി,പേർഷ്യൻ,പോർട്ടുഗീസ് തുടങ്ങിയ ഭാഷകളിൽ നിന്ന് നിരവധി പാദങ്ങൾ മലയാളത്തിൽ ഇന്ന് പ്രചുര

പ്രചാരത്തിലുണ്ട്. മലയാളം പദങ്ങൾ മറ്റു ഭാഷകളിലേക്ക് കടന്നിട്ടുണ്ട്. ഭാഷ ശരിക്കു കൈകാര്യം ചെയ്യുന്നതിന് പദ ശുദ്ധിയിലും വാക്യ ശുദ്ധിയിലുംനന്നായി ശ്രദ്ധിക്കണം. പ്രത്യേകിച്ചും മലയാള ഭാഷയിൽ. തെറ്റായ ഉച്ചാരണം കൊണ്ടും അജ്ഞത കൊണ്ടുമാണ് തെറ്റുകൾ സംഭവിക്കുന്നത്. ഉച്ചാരണ സാമ്യമുള്ളതും എന്നാൽ അർത്ഥ വ്യത്യാസമുള്ളതുമായ അനേകം പദങ്ങൾ മലയാള ഭാഷയിലുണ്ട്. അത്തരം പദങ്ങളുടെ അർഥം ശരിക്കും മനസ്സിലാക്കിയെങ്കിലേ ഭാഷ ശരിക്കും കൈകാര്യം ചെയ്യാൻ കഴിയൂ. പഴംചൊല്ലുകൾ ,ശൈലികൾ എന്നിവയെല്ലാം നമ്മുടെ മലയാള ഭാഷയുടെ പ്രത്യേകതകളാണ്. ഏതു ഭാഷയുടെയും നൈസർഗിക സൗന്ദര്യം കണ്ടു ആസ്വദിക്കണമെങ്കിൽ ആ ഭാഷയിലെ പഴംചൊല്ലുകളിലേക്കും ശൈലികളിലേക്കും കണ്ണോടിക്കുക തന്നെ വേണം. പഴംചൊല്ലുകളുടെ കാര്യത്തിൽ മലയാളം ദരിദ്രമല്ല. മറ്റേതു ഭാഷയോടും കിട പിടിക്കാവുന്ന പഴംചൊൽ സമ്പത്ത് നമുക്കുണ്ട്.

അത് പോലെ തന്നെ മലയാള ഭാഷയ്ക്ക് ഓജസ്സും ശക്തിയും കൊടുക്കുന്നത് അതിന്റെ ശൈലീ സമ്പത്താണ്. സമർത്ഥമായി ഭാഷ കൈകാര്യം ചെയ്യണമെങ്കിൽ ഭാഷയുടെ ചൈതന്യ കേന്ദ്രമായ ശൈലീ സമ്പ്രദായത്തെ പറ്റി നല്ല വണ്ണം അറിഞ്ഞേ തീരൂ . അതു പോലെ കുറെയേറെ പ്രത്യേകതകൾ അടങ്ങിയ ഒരു പരിശുദ്ധമായ ഭാഷയാണ് മലയാളം. ഒരു നല്ല സംസ്കാരത്തിന്റെ ഉടമകളായ മലയാളികളുടെ ഭാഷ ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. കൊളോണിയൽ ആധിപത്യം നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ബാധിച്ച പോലെ അത് നമ്മുടെ മലയാള ഭാഷയെയും കാർന്നു തിന്നിട്ടുണ്ട്.

എന്നാൽ ഒരു മലയാളി എന്ന നിലക്ക് ഈ അവസ്ഥയിൽ മാറ്റം വരുത്തേണ്ടതുണ്ട്.കുട്ടികളെ ചെറുപ്പം മുതലേ മലയാളം ഒരു പ്രധാന ഭാഷയായി പഠിപ്പിക്കുന്നതും കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരം ശുദ്ധ മലയാളത്തിൽ സംസാരിക്കുന്നതും ഇതിൽ പെടും.ഈ പ്രശ്നങ്ങൾക്കിടയിൽ നാം ഓർക്കേണ്ടതെന്തെന്നാൽ ജനിച്ചു വീഴുന്ന കാലം മുതൽ മനുഷ്യന്റെ നാവിൽ അമൃതം ചൊരിയുന്ന ദിവ്യ ചൈതന്യം ആണ് നമ്മുടെ മാതൃ ഭാഷ. അതായത് മലയാളം . അതിനെ സുരക്ഷിതവും നിലനിൽപ്പും ഉള്ള ഒരു ലോകത്തേക്ക് കൈ പിടിച്ചുയർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ് .അതിനു നമുക്ക് കഴിയട്ടെ

എന്ന് പ്രാർത്ഥിക്കാം.